26

# "വിധിക്കരുത്"

## മത്തായി 7:1-12, വാ. 1, 2 ഒരടുത്തനോട്ടം

മറ്റുള്ളവരുമായി യോജിച്ച് പോകുന്നതാണ് ക്രിസ്തീയ ജീവിതം നയിക്കുന്നതിൽ നേരിടുന്ന വെല്ലുവിളികളിൽ ഒന്ന്. യേശു അതു മനസ്സിലാക്കി, അതുകൊണ്ട് ബന്ധങ്ങളെ കുറിച്ച് ഗിരിപ്രഭാഷണത്തിൽ അവൻ അധികവും പറഞ്ഞിരിക്കുന്നു. മറ്റുള്ളവരോടു കരുണകാണിക്കണമെന്നും (5:7) സമാധാനമുണ്ടാക്കണമെന്നും അവൻ പറഞ്ഞു (5:9). ഓരോ കേൾവിക്കാരനും നല്ല സ്വാധീനമായി തീരുവാൻ അവൻ പ്രോത്സാഹിപ്പിച്ചു (5:13–16). സഹോദരനോടു കോപിക്കരുത് എന്നും, എന്നാൽ അവനോടു നിരന്നുകൊള്ളേണം എന്നും അവൻ പറഞ്ഞു (5:21–26). നമ്മെ ഉപദ്രവിക്കുന്നവരോട് (അതായത്, നമ്മുടെ ശത്രുക്കൾ) നാം എങ്ങനെ ഇടപെടണമെന്നും ക്രിസ്തു പറഞ്ഞു (5:38–48). ഈ വിഷയത്തെ മുഴുവൻ സംബന്ധിക്കുന്ന യേശുവിന്റെ ഉപദേശത്തെ നാം കാണുവാൻ പോകുന്നു: മത്തായി 7:1–12. മറ്റുള്ളവരോട് എങ്ങനെ ഇടപെടണമെന്ന് ഈ പന്ത്രണ്ടുവാക്യങ്ങളിൽ വളരെ കാര്യങ്ങൾ നമ്മോടുപറയുന്നു.

ഗിരിപ്രഭാഷണം എന്നതിനെ നമ്മുടെ ജീവിതത്തിന്മേൽ പ്രകാശിക്കുന്നതും ബലഹീനതകളെ എടുത്തുകാണിക്കുന്നതുമായ ഒരു ശക്തമായവെളിച്ചവുമായി സാമ്യപ്പെടുത്താം. ഈ പ്രസംഗത്തിലും അടുത്തതിലും ദൈവവചനമെന്ന അന്വേഷണ വിളക്ക് നിങ്ങൾക്കുമേൽ ഞാൻ പ്രകാശിപ്പിക്കുമ്പോൾ, നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാക്കുന്ന ചില നിമിഷങ്ങൾ ഉണ്ടായേക്കാം. ഈ അവതരണത്തിനായി ഞാൻ മണിക്കൂറുകൾ ചിലവിട്ട്, വേദഭാഗവുമായി മല്ലിട്ട്, വിവിധ തർജ്ജിമകളിലുള്ള വേദഭാഗങ്ങൾ വായിക്കുകയും വീണ്ടും വായിക്കുകയും ചെയ്തത് മനസ്സിലാക്കുക. വിവരണത്തിന്റെ മുന്നൂറിലധികം പേജുകൾ ഞാൻ വായി ക്കുകയും, അടയാളപ്പെടുത്തുകയും, ആവർത്തിച്ചു നോക്കുകയും ചെയ്തു. ആ സമയമത്രയും, ആ ശക്തമായ രശ്മികൾ *എനിക്കു*മീതെ പ്രകാശിച്ചിരുന്നു, എന്റെ തെറ്റുകുറ്റങ്ങൾ വെളിപ്പെടുത്തുകയായിരുന്നു. ഞാൻ മോശമായ മനോഭാവത്താൽ വിഷമം നേരിട്ടിരുന്നു, ഈ വേദഭാഗം അവയെ കേന്ദ്രീകരിക്കുന്നതാണ്. നിങ്ങൾക്കു ഒരു പക്ഷെ പ്രയാസമുള്ള ഏതാനും മിനിട്ടുകൾ അനുഭവപ്പെട്ടേക്കാം, എന്നാൽ നമ്മുടെ വേദഭാഗത്തിൽ നിന്ന് എനിക്കു മണിക്കൂറുകളോളം തീവ്രപരിശോധന അനുഭവപ്പെട്ടു എന്നതു ഉറപ്പാണ്.

1 മുതൽ 12 വരെയുള്ള വാക്യങ്ങൾ വിശദമായി നാം പഠിക്കുന്നതിനു മുൻപ്, മറ്റുള്ളവരോടു ഇടപെടുന്നതിനെ കുറിച്ച് പറയുന്ന വേദഭാഗം എന്തുകൊണ്ട് ഞാൻ മുഴുവനായി എന്റെ പ്രസംഗത്തിൽ ഉൾപ്പെടുത്തി എന്നു പറയേണ്ടിയിരിക്കുന്നു. വാക്യം 1 മുതൽ 6 വരെ യുള്ളതിൽ വിശുദ്ധമായത് നാം നായ്ക്കൾക്കു കൊടുക്കരുതെന്നും വിധിക്കുന്നതിനെയും കുറിച്ചുള്ള

കാര്യങ്ങൾ പറയുമ്പോൾ ബന്ധങ്ങളെ കുറിച്ചാണ് പറയുന്നത് എന്നു നമുക്കു ഏറെക്കുറെ വ്യക്തമാണ്. അടുത്തത്, വാക്യങ്ങൾ 7 മുതൽ 11 വരെയുള്ള തിൽ, യേശു പ്രാർത്ഥനയെയും അതിന്റെ ഫലത്തെയും കുറിച്ചാണ് പഠിപ്പി ച്ചത്. അവൻ ബന്ധങ്ങളെ കുറിച്ചുള്ള വിഷയം വിട്ടുകളഞ്ഞു എന്ന് നാം ഒരുപക്ഷെ വിചാരിക്കുന്നത് – വാക്യം 12 പറയുന്നത് വിട്ടുകളഞ്ഞുകൊണ്ട് വായിക്കുമ്പോഴാണ്, "... ആകയാൽ" എന്നു പറഞ്ഞുകൊണ്ട് മറ്റുള്ളവരു മായി ജീവിതത്തിൽ ഇടപെടേണ്ടതെങ്ങനെയെന്ന് അന്തിമമായി അതിൽ നിർദ്ദേശിക്കുന്നു: സുവർണ്ണനിയമം. "ആകയാൽ" എന്ന വാക്കു സൂചിപ്പി ക്കുന്നത് യേശു തന്റെ വിഷയം അവസാനിപ്പിക്കുന്നതിനെയായിരുന്നു – അതിനെ ചുരുക്കി, അതിന്റെ അവസാനത്തിലേക്കു കൊണ്ടുവരുന്നു എന്നാ ണ്. അങ്ങനെ, *ചില രീതിയിൽ*, വാക്യം 7 മുതൽ 11 വരെയുള്ളത് മൊത്തം വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു. അക്കാരണത്താൽ, മറ്റുള്ളവരോടു ഇട പെടുന്നതിനെ കുറിച്ചുള്ള നമ്മുടെ വിഷയത്തിൽ വാക്യം 1 മുതൽ 12 വരെയുള്ളത് നാം ഉൾപ്പെടുത്തുന്നു.

നമ്മുടെ വേദഭാഗത്തിൽ നിന്ന് ആറു സത്യങ്ങൾ ഞാൻ എടുത്തു കാണി ക്കുന്നു: മറ്റുള്ളവരുമായി ഇടപെടുന്നതിന് ആവശ്യമായ ആറു പ്രധാനപ്പെട്ട കാര്യങ്ങളാണ് അവ. അവയിൽ ആദ്യത്തെ – രണ്ടു വാക്യങ്ങൾ – മാത്രമാണ് ഈ പ്രസംഗത്തിൽ[1] ഞാൻ ഉൾപ്പെടുത്തുന്നത്. ആദ്യത്തെ രണ്ടു വാക്യ ങ്ങൾ വിധിക്കുന്നതിനെ കുറിച്ചായതുകൊണ്ട്, ഞാൻ ഈ അവതരണത്തെ "വിധിക്കരുത്"[2] എന്നു വിളിച്ചിരിക്കുന്നു. ഇതിനെ തുടർന്നുവരുന്ന പ്രസം ഗത്തിൽ പിന്നീടുള്ള അഞ്ചുസത്യങ്ങളെ കുറിച്ചു ഞാൻ വിവരിക്കും.

**മറ്റുള്ളവരുമായി ഇടപെടുന്നതിനുള്ള ആവശ്യം #1:**

**നമ്മുടെ വിധിക്കൽ**
**നാം നിർത്തണം (വാ. 1, 2)**

### യേശു എന്താണ് കൽപിച്ചത് (വാ. 1)

നാം മറ്റുള്ളവരുമായിട്ട് യോജിച്ചുപോകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, യേശു ആദ്യം പറഞ്ഞത് *നമ്മുടെ വിധിക്കൽ നാം നിർത്തണം* എന്നാണ്. വേദഭാഗം തുടങ്ങുന്നു, "വിധിക്കരുത്" (വാ. 1). മൂലഗ്രന്ഥത്തിൽ, ഉപയോ ഗിച്ചിരിക്കുന്ന രൂപം സൂചിപ്പിക്കുന്നത് അവന്റെ കേൾവിക്കാർക്ക് വിധിക്കു ന്നത് *നിർത്തേണ്ട* ആവശ്യമുണ്ടായിരുന്നു എന്നാണ്. വില്യമിന്റെ തർജ്ജിമ യിൽ ഉള്ളത് "മറ്റുള്ളവരെ വിമർശിക്കുന്നത് നിർത്തുക"[3] എന്നാണ്.

ആദ്യ ചിന്തയിൽ, ബന്ധങ്ങളെ കുറിച്ചുള്ള ഭാഗം തുടങ്ങുവാൻ ഇതൊരു നിഷേധ രീതിയായി തോന്നിയേക്കാം, അതു മനോഹരമായ സുവർണ്ണ നിയ മത്തെ പറഞ്ഞുകൊണ്ടു അവസാനിക്കുന്ന ഭാഗമാണ്. യേശു ഇങ്ങനെ തുട ങ്ങുവാൻ പല കാരണങ്ങൾ ഉണ്ടായേക്കാം.

### സർവ്വദേശീയമായ ഒരു ആവശ്യം നിറവേറ്റൽ

വിധിക്കുന്നതിനെ കുറിച്ച് ഒരു മുന്നറിയിപ്പു നൽകി കൊണ്ടാകാം

ക്രിസ്തു ആരംഭിച്ചത് കാരണം ആ പ്രബോധനം അവന്റെ എല്ലാ ശ്രോതാക്കൾക്കും – അതുപോലെ *നമുക്കും* ആവശ്യമായതായിരുന്നു. ഒരുപക്ഷെ, നാം ഓരോരുത്തരും യേശുവിന്റെ മത്തായി 7:1–ലെ കൽപന ലംഘിക്കാതെ ഒരു ഇരുപത്തി–നാലു–മണിക്കൂറും കടന്നുപോയിട്ടില്ല. ഈ ഒരു കൽപന അനുസരിക്കുന്നതിൽ പരാജയപ്പെടുന്നതിനെക്കാൾ ഒരു ബന്ധത്തെ പെട്ടെന്നു തകർക്കുവാൻ മറ്റൊന്നിനും കഴിയുകയില്ല.

**മോശമായ സ്വാധീനം ചെലുത്തൽ**

വിധിക്കുന്ന വിഷയത്തെ കുറിച്ച് യേശു തുടങ്ങുവാനുള്ള മറ്റൊരു കാരണം ഒരുപക്ഷെ അവന്റെ മനസ്സിലുണ്ടായിരുന്ന പരീശന്മാരും ശാസ്ത്രിമാരും ആയിരിക്കണം. അവൻ പോയ സ്ഥലങ്ങളിലെല്ലാം അവനെ അവർ പിൻപറ്റുന്നുണ്ടായിരുന്നു, അത് അവനിൽ ആരോപിക്കേണ്ടതിന് കുറ്റം കണ്ടെത്തേണ്ടതിനായിരുന്നു (ലൂക്കൊസ് 6:1–7). അവന്റെ ശത്രുക്കൾ (അതിൽ പരീശന്മാരും ഉൾപ്പെടും) അവനെ കൊല്ലുവാൻ പദ്ധതികൾ തയ്യാറാക്കിയിരുന്നു (യോഹന്നാൻ 5:18).

അങ്ങനെ, ഗിരിപ്രഭാഷണത്തിൽ, യേശു അവരോടു ധാരാളം വാക്യങ്ങൾ, വ്യക്തമായും അവ്യക്തമായും പറഞ്ഞു. മത്തായി 5:20–ൽ അവൻ പറഞ്ഞു, "... നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ, നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല." അദ്ധ്യായം 5–ന്റെ അവസാന ഭാഗത്ത്, ക്രിസ്തു തന്റെ ഉപദേശവും ന്യായപ്രമാണ സമ്പ്രദായങ്ങളും തമ്മിലുള്ള വ്യത്യാസം കാണിച്ചുകൊടുത്തു; ആ സമ്പ്രദായങ്ങൾ പരീശന്മാർ ഉണ്ടാക്കിയതായിരുന്നു. അദ്ധ്യായം 6–ന്റെ ആരംഭഭാഗത്ത്, കാഹളമൂതി ഭിക്ഷകൊടുത്ത കപടഭക്തിക്കാരെ കുറിച്ചു യേശു പറഞ്ഞു, അവർ തെരുക്കോണിൽ നിന്ന് ആവർത്തിച്ചാവർത്തിച്ച് പ്രാർത്ഥിക്കുകയും, അവർ ഉപവസിക്കുന്നവരാണെന്ന് എല്ലാവരെയും ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അവന്റെ വിവരണങ്ങൾ[4] ശാസ്ത്രിമാരെ കുറിച്ചായിരുന്നുവെന്ന് എല്ലാവരും തിരിച്ചറിഞ്ഞു.

യേശു ആരോപിച്ചിരുന്ന വിധിക്കൽ സ്വഭാവത്തിൽ കുറ്റമുള്ളവരായിരുന്നു പരീശന്മാരും ശാസ്ത്രിമാരും. അവർ സമൂഹത്തിലെ ഭൂരിഭാഗത്തെയും കുറ്റം വിധിച്ചിരുന്നു: ചുങ്കക്കാർ (ലൂക്കൊസ് 18:9–14), ശമര്യക്കാർ, ജാതികൾ. കൂടാതെ, അവർ മറ്റുള്ളവരെക്കാൾ തങ്ങൾ ഉയർന്നവരാണ് എന്നും ചിന്തിച്ചിരുന്നു. അവർ മറ്റുള്ളവരെ തങ്ങളെക്കാൾ താഴ്ത്തുകയും അവരോടു മനസ്സലിവു കാണിക്കാതിരിക്കുകയും ചെയ്തു. നമുക്ക് മറ്റുള്ളവരുമായി ഒത്തുപോകണമെന്നുണ്ടെങ്കിൽ, നമ്മുടെ നീതി പരീശന്മാരുടെയും ശാസ്ത്രിമാരുടേയും നീതിയെക്കാൾ കവിയണം.

**ഒരു നിഷേധ കാഴ്ച്ചപ്പാട് അവസാനിപ്പിക്കൽ**

തീർച്ചയുള്ളതിലേക്ക് കടക്കുന്നതിനു മുൻപ് ബന്ധങ്ങളിലെ നിഷേധമായ കാഴ്ച്ചപ്പാട് അവസാനിപ്പിക്കണമെന്ന ആഗ്രഹത്താലും ആകാം യേശു അങ്ങനെ തുടങ്ങിയത്. നാം ചെടികൾ നടുന്നതിനുമുൻപ്, ചിലപ്പോൾ കളകൾ അവിടെനിന്ന് പിഴുതുമാറ്റേണ്ടിവരും.

കാരണം എന്തായാലും, ഇവിടെ ഇങ്ങനെയാണ് ക്രിസ്തു ആരംഭിച്ചത്: "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്."

## യേശു അർത്ഥമാക്കാതിരുന്നത്

**(വാ. 1)**

ലൗകിക–മനസ്സുള്ളവർക്കും ബൈബിൾ സംബന്ധമായി പരിജ്ഞാന കുറവുള്ളവർക്കും അറിയാവുന്ന ഏതാനും വേദഭാഗങ്ങളിൽ, ഒന്നാണ് ഇത്.[5] പ്രത്യേകിച്ച്, അവർക്ക് കെജെവി യിലെ പദപ്രയോഗം പരിചയമുള്ളതാണ്: "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്, വിധിക്കരുത്."

എന്റെ സ്വന്തം അനുഭവത്തിൽ, ഞാൻ പലപ്പോഴും ആ വാക്കുകൾ കേട്ടിട്ടുള്ളത് കുറ്റം ഉള്ളവരിൽ നിന്നും അവരോടു അനുകമ്പ കാണിക്കുന്നവരിൽ നിന്നുമാണ്: "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്, വിധിക്കരുത്." ആ വ്യക്തികൾ ആ വാക്കുകളെ വ്യാഖ്യാനിച്ച് പറയുന്നതെന്തെന്നാൽ ആരുടേയും തെറ്റു ചൂണ്ടി കാണിക്കുകയോ അല്ലെങ്കിൽ പാപി മാനസാന്തരപ്പെട്ട് അവന്റെ വഴികളെ[6] മാറ്റിയില്ല എങ്കിൽ അനന്തരഫലം അനുഭവിക്കുമെന്നു നാം പറയുകയോ ചെയ്യരുത് എന്നത്രെ. യേശു തന്റെ ഉപദേശത്തിൽ അതാണോ ഉദ്ദേശി*ച്ചത്*?

മത്തായി 7:1–ൽ "വിധിക്കുക" എന്ന വാക്ക് എന്താണ് അർത്ഥമാ*ക്കുന്നത്* എന്നു നോക്കുന്നതിനു മുൻപ്, അത് അർത്ഥമാ*ക്കാത്തത്* എന്താണെന്നുള്ളത് ഞാൻ ആദ്യം പറയട്ടെ.

### കോടതി വിധിക്കെതിരല്ല

ബൈബിൾ അതിൽ തന്നെ വൈപരീത്യം ഇല്ലാത്തതാകകൊണ്ട്, യേശുവിന്റെ വാക്കുകൾ നാം കോടതിവിധികളിൽ നിന്ന് അകന്നു നിൽക്കണം *എന്നല്ല* അർത്ഥമാക്കുന്നത് (അതായത്, ദേശത്തെ നിയമം കൈകാര്യം ചെയ്യുന്ന കോടതി). ദൈവം ആഭ്യന്തര ഗവൺമെന്റിന് നീതിന്യായത്തിനുള്ള അധികാരം നൽകിയിട്ടുണ്ട് (നോക്കുക 1 പത്രൊസ് 2:13, 14; തീത്തോസ് 3:1; റോമർ 13:1).

### സഭയുടെ അച്ചടക്കം നീക്കം ചെയ്യണമെന്നല്ല

ചിലർ പ്രതികരിക്കും, "*തീർച്ചയായും*, ആ വേദഭാഗം കോടതി വിധികളെ കുറിച്ചല്ല പറയുന്നത്. അത് ഒരു ഇടവകയെയോ അതിലെ മൂപ്പന്മാരെയോ അതിലെ അംഗങ്ങളെ വിധിക്കുന്നതിനെയാണ് ആരോപിച്ചത്, അവർ തെറ്റുചെയ്യുന്നുവെന്നും അവർക്ക് അച്ചടക്കം വരുത്തേണ്ടത് ആവശ്യമാണെന്നും പറയുന്നതിനെയാണ് കുറ്റപ്പെടുത്തിയത്!" സഭയിലല്ലാത്തവർക്കു മാത്രമല്ല അങ്ങനെ അനുഭവപ്പെടുന്നത്, എന്നാൽ ചില സഭാംഗങ്ങൾക്കും അങ്ങനെ തോന്നുന്നു. ഒരു ഇടവകയുടെ മൂപ്പൻ എന്നോടു പറഞ്ഞു, "ഞാൻ മൂപ്പനായിരിക്കുന്ന ഇടവകയിൽ ആരെയും ഒരിക്കലും കൂട്ടായ്മയിൽ നിന്ന് ഞങ്ങൾ ഇതുവരെ അകറ്റി നിർത്തിയിട്ടില്ല. എങ്ങനെയായാലും, യേശു പറഞ്ഞു, 'വിധിക്കപ്പെടാതിരിക്കേണ്ടതിന്, വിധിക്കരുത്.'"

വീണ്ടും ഞാൻ പറയട്ടെ, ബൈബിൾ അതിൽ തന്നെ വൈപരീത്യം ഉളവാക്കുന്നില്ല. അതുകൊണ്ട്, നാം ഒരിക്കലും സഭയിൽ അച്ചടക്കം വരുത്തേണ്ട എ*ന്നല്ല* മത്തായി 7:1 പഠിപ്പിക്കുന്നത്. "വിധിക്കരുത്" എന്നു പറഞ്ഞ, യേശു, നമ്മെ സഭയിൽ അച്ചടക്കം വരുത്തുവാനും പഠിപ്പിച്ചിട്ടുണ്ട് (മത്തായി 18:15–17). അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴി നടത്തുവാനായി അവൻ പരിശുദ്ധാത്മാവിനെ അയച്ചപ്പോൾ (യോഹന്നാൻ 16:13), സഭയുടെ

അച്ചടക്കത്തിന്റെ ആവശ്യത്തെ കുറിച്ചുള്ള ശക്തമായ വേദഭാഗങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുവാൻ അവൻ പൗലൊസിനെയും മറ്റുള്ളവരെയും പ്രേരിപ്പിച്ചു (1 കൊരിന്ത്യർ 5:5, 9; 2 തെസലൊനിക്യർ 3:6, 14, 15; തിമൊഥെയൊസ് 3:9–11).

**വ്യക്തിപരമായ വിധിയെ കുറ്റപ്പെടുത്തണമെന്നല്ല**

മറ്റൊരാൾ പ്രതികരിച്ചേക്കാം, "ഒരുപക്ഷെ ആ വേദഭാഗം സഭയുടെ അച്ചടക്കത്തെ കുറിച്ച് പഠിപ്പിക്കുന്നില്ലായിരിക്കാം, എന്നാൽ ചുരുങ്ങിയത് അതു പഠിപ്പിക്കുന്നത്, ഓരോ വ്യക്തിപരമായ ക്രിസ്ത്യാനി എന്ന നിലയിൽ, ആരെയും ധാർമ്മികമായോ ഉപദേശപരമായോ തെറ്റാണെന്നു പറയുവാൻ നമുക്ക് അധികാരമില്ല."

ഒരിക്കൽ കൂടെ, ബൈബിൾ അതിനെ തന്നെ വൈപരീത്യമുള്ളതായി പറയുന്നില്ല എന്നു ഞാൻ ഊന്നി പറയട്ടെ. അത് സത്യമാകകൊണ്ട്, നാം മറ്റുള്ളവരെ ഒരിക്കലും വിധിക്കരുത് എന്ന് മത്തായി 7:1 പഠിപ്പിക്കു*ന്നില്ല*. അടുത്ത പ്രസംഗത്തിൽ, നാം വാക്യം 6 പഠിക്കും, അതിൽ പറയുന്നു, "വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്, നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്. ..." ആരാണ് "നായ്ക്കൾ" എന്നും ആരാണ് "പന്നികൾ" എന്നതിനെയും സംബന്ധിച്ചു വിധി നടത്താതെ ആ കൽപന അനുസരിക്കുവാൻ നമുക്കു സാധ്യമല്ല. നിങ്ങളുടെ വായനാഭാഗം നിങ്ങൾ വായിച്ചു പൂർത്തിയാക്കിയെങ്കിൽ, മത്തായി 7:15–20 മുന്നറിയിക്കുന്നത് കള്ള പ്രവാചകന്മാർക്കെതിരെയാണെന്നും അവരുടെ പ്രവർത്തികളുടെ "ഫലം" നോക്കി കള്ളപ്രവാചകന്മാരെ നമുക്ക് അറിയാൻ സാധിക്കുമെന്നു അതു പറയുന്നതായും നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കും: "അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ അറിയാം" (വാ. 16). ഉപദേഷ്ടാക്കന്മാർ ചിലപ്പോൾ പറയും, "ഞങ്ങൾ ന്യായാധിപന്മാരല്ല; ഞങ്ങൾ ഫലം പരിശോധിക്കുന്നവരാണ്." സ്ഥലം അനുവദിക്കുമെങ്കിൽ, നാം മറ്റുള്ളവരെ കുറിച്ച് നിരന്തരമായി വിധിക്കേണമെന്നു സൂചിപ്പിക്കുന്ന മറ്റു പല വേദഭാഗങ്ങളും നമുക്കുകാണുവാൻ കഴിയും (റോമർ 16:17; ഗലാത്യർ 1:8, 9; ഫിലിപ്പിയർ 3:2; 1 യോഹന്നാൻ 4:1).

**യേശു അർത്ഥമാക്കിയത് (വാ. 1)**

നമ്മുടെ വേദഭാഗത്തിൽ "വിധിക്കുക" എന്ന വാക്കിന്റെ അർത്ഥം എന്തല്ല എന്ന് ഊന്നി പറഞ്ഞിരിക്കുന്നതുകൊണ്ട്, നാം ഇനിയും ഉത്തരം കാണേണ്ട ചോദ്യമാണ് "അത് എന്താണ് അർത്ഥ*മാക്കുന്നത്?*"

*ക്രിനോ* എന്ന ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തതാണ് "വിധിക്കുക," ആ വാക്കിൽ നിന്നാണ് നമ്മുടെ ഇംഗ്ലീഷ് വാക്കായ "ക്രിട്ടിസൈസ്" വന്നിരിക്കുന്നത്. നാം പലപ്പോഴും "ക്രിട്ടിസൈസ്" എന്ന വാക്ക് നിഷേധ അർത്ഥത്തിലാണ് ചിന്തിക്കുന്നത് – മറ്റൊരാളുടെ കുറ്റം ചൂണ്ടി കാണി ക്കുന്നതായി – എന്നാൽ "ക്രിട്ടിസൈസ്" എന്നതിനർത്ഥം "റ്റു ഇവാലുവേറ്റ്" എന്നതാണ്. ആ വിലയിരുത്തൽ നിഷേധാത്മകമോ തീർച്ചയുള്ളതോ ആകാം; അത് മോശമാകാം, അല്ലെങ്കിൽ നല്ലതാകാം; അത് നശീകരണമായതോ, അല്ലെങ്കിൽ പണിയപ്പെടുന്നതോ ആകാം. ഒരുകൂട്ടം ശ്രോതാക്കളോടു യേശു പറഞ്ഞതു "നീതിയുള്ള വിധി വിധിപ്പിൻ" എന്നാണ് (യോഹന്നാൻ 7:24). അപ്പോൾ, മത്തായി 7:1, മറ്റുള്ളവരെ വിധിക്കുന്നതിനെ എതിർക്കുന്ന ഒരു സർവ്വവ്യാപകമായ

ഉത്തരവു അല്ല. ദൈവം നമ്മിൽ തന്നിരിക്കുന്ന വിവേചിക്കുവാനുള്ള കഴിവ് മൃഗങ്ങളിൽ നിന്ന് നമ്മെ വ്യത്യസ്തമാക്കുന്ന സ്വഭാവങ്ങളിൽ ഒന്നാണ്:[7] നാം തെളിവ് നോക്കുവാൻ കഴിവുള്ളവരാണ്; നാം വിലയിരുത്തുവാൻ കഴിവുള്ളവരാണ്; നമുക്ക് വിധിക്കുവാനും കഴിവുണ്ട്.

എന്നിരുന്നാലും, യേശുവിന്റെ വാക്കുകൾ പഠിപ്പിക്കുന്നത് നാം ഒഴിവാക്കേണ്ട *ചില രീതിയിലുള്ള* വിധിക്കൽ ഉണ്ടെന്നാണ്. ഞാൻ ആ വിഷയത്തെ മുഴുവൻ എടുക്കുന്നില്ല, എന്നാൽ യേശു ഖണ്ഡിച്ചിരിക്കുന്ന ന്യായവിധിയുടെ പല കാഴ്ച്ചപ്പാടുകളെ കുറിച്ചു ഞാൻ പറയട്ടെ. (ഇവിടെയാണ് നമ്മുടെ ഹൃദയങ്ങളെയും ജീവിതങ്ങളെയും തുറന്നു പ്രകാശിപ്പിക്കുന്ന സ്പോട്ട് ലൈറ്റ് ഉള്ളതായി ഞാൻ മുൻപു പറഞ്ഞത്.)

### പക്ഷപാതപരമായ വിധി

നമ്മുടെ വിധിയെ നിറം പിടിപ്പിക്കുന്നതിന് നമ്മുടെ ഇഷ്ടങ്ങളെയും, മുൻവിധിയെയും, നമ്മുടെ പശ്ചാത്തലത്തെയും നാം അനുവദിക്കുന്നതാണ് ഒരു സാധാരണ തെറ്റ്. അത് ഒഴിവാക്കുവാൻ പ്രയാസമാണ്. വസ്തുതകളാൽ മാത്രം അവരെ സ്വാധീനിക്കേണ്ടതിന് പുരാതന ഗ്രീക്കുകാർ ചിലപ്പോൾ അവരുടെ പ്രധാനപ്പെട്ട വിചാരണകൾ ഇരുട്ടിൽ നടത്തുന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്. അനേകം പേർ വിധിക്കപ്പെടുവാനുള്ള ഒരു കാരണമായി സാമൂഹ്യ പ്രവർത്തകർ പറയുന്നത് അവർ "താഴ്ന്ന ആത്മാ-ഭിമാനം"[8] കൊണ്ടു കഷ്ടപ്പെടുന്നു എന്നാണ്. ഒരാൾക്ക് ആത്മാഭിമാനം കുറവാകുമ്പോൾ, അയാൾ ഒന്നുകിൽ സ്വയം ഉയർത്തുകയോ, അല്ലെങ്കിൽ മറ്റുള്ളവരെ താഴ്ത്തുകയോ ചെയ്യും – പലർക്കും മറ്റുള്ളവരെ താഴ്ത്തുന്നതാണ് എളുപ്പം.

### വിവരം ലഭിക്കാത്ത വിധി

എല്ലാ സാഹചര്യങ്ങളും അറിയാതെ അല്ലെങ്കിൽ എല്ലാ വസ്തുതകളും ലഭിക്കാതെ തന്നെ, പലപ്പോഴും നാം വേഗത്തിൽ വിധിക്കാറുണ്ട്. (നമ്മളിൽ ചിലർക്ക് സാഹചര്യങ്ങളാകുന്ന അര ഡസൻ ഇഷ്ടികയെടുത്ത് കുറ്റാരോപണത്തിന്റെ ഒരു മുഴുവൻ വീടു പണിയുവാൻ കഴിയും.) എന്താണ് സംഭവിച്ചതെന്നതിനെ കുറിച്ച് പൂർണ്ണമായ വിവരം നമുക്ക് ലഭിച്ചിരിക്കുകയില്ല. നമുക്ക് കുറ്റം ആരോപിക്കപ്പെട്ടവരുടെ പശ്ചാത്തലം അല്ലെങ്കിൽ ലക്ഷ്യം മനസ്സിലായെന്നിരിക്കയില്ല. അയാളുടെ ജീവിതത്തിൽ അതൊരു നിയമമായിരുന്നോ അല്ലെങ്കിൽ ഒഴികഴിവായിരുന്നോ എന്നു നാം അറിഞ്ഞെന്നു വരില്ല. "നീതിയോടു വിധിപ്പിൻ" എന്ന് യേശു പുരുഷാരത്തോട് പറഞ്ഞപ്പോൾ, അവൻ ആദ്യം പറഞ്ഞതു, "കാഴ്ച്ചപ്രകാരം വിധിക്കരുത്" എന്നാണ് (യോഹന്നാൻ 7:24).

### അസാധ്യമായ വിധി

പലപ്പോഴും നാം ആരെയെങ്കിലും വിധിക്കുമ്പോൾ, അയാളുടെ *ഉദ്ദേശത്തെ* കുറിച്ചാണ് നാം വിധിക്കുവാൻ ശ്രമിക്കുന്നത്. നാം "മനുഷ്യനിൽ ഉള്ളത് എന്തു എന്നു സ്വതവെ അറിഞ്ഞിരി" ക്കുന്ന, യേശുവിനെ പോലെയല്ല എന്നതുകൊണ്ട് (യോഹന്നാൻ 2:25), മറ്റൊരാളുടെ ഉദ്ദേശങ്ങളെ കുറിച്ചു തീർച്ചയുള്ളവരാകാൻ നമുക്ക് ഒരു വഴിയുമില്ല. "അവൻ അതു ചെയ്തു അല്ലെങ്കിൽ ഇതു ചെയ്തു," എന്നു നാം പറയും, എന്നാൽ നമുക്ക് ഇങ്ങനെ

തീർച്ചയോടെ പറയുവാൻ കഴിയുകയില്ല "അവൻ അതു അല്ലെങ്കിൽ ഇതു ചെയ്യുവാൻ *കാരണം....*" പൗലൊസ് ചോദിച്ചു, "മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും (അറിയുകയും മനസ്സിലാക്കുകയും)?" (1 കൊരിന്ത്യർ 2:11; ആംപ്ളിഫൈയിഡ് ബൈബിൾ). എന്നിരുന്നാലും, ഇതുപോലെയുള്ള വാക്കുകൾ കേൾക്കാം: "അവൾ വളരെ സ്മാർട്ട് ആണെന്നാണ് അവൾ വിചാരിക്കുന്നത്!"; "അവൻ എന്തോ ആണെന്നാണ് വാസ്തവത്തിൽ ചിന്തിക്കുന്നത്"![9] എത്ര പെട്ടെന്നാണ് നാം മറ്റുള്ളവരുടെ ഉദ്ദേശങ്ങളെ സംബന്ധിച്ചു വിധിക്കുന്നത്!

**അനുകമ്പാരഹിതമായ വിധി**

ഏറ്റവും മോശമായ വാക്യരചനയിൽ നല്ലതിനുപകരം മോശമായതു ചെയ്യുന്നതിനെയും യേശു ഖണ്ഡിച്ചിട്ടുണ്ട്. 1 കൊരിന്ത്യർ 13:7–ന്റെ മോഫാറ്റിന്റെ തർജ്ജിമയിൽ പറയുന്നതു സ്നേഹം "എപ്പോഴും നല്ലത് വിശ്വസിക്കുവാൻ താല്പര്യപ്പെടുന്നു"[10] എന്നാണ്.

ഒരാൾ ചെയ്യുന്നത് എന്തെന്ന് നോക്കി അയാളെ നമുക്കറിയാം എന്നതു സത്യമാണ്, പക്ഷെ പലപ്പോഴും അയാളുടെ പ്രവർത്തികൾ ചുരുങ്ങിയത് രണ്ടു വ്യത്യസ്ത വ്യാഖ്യാനങ്ങൾക്കിരയാവും: ഒന്ന് നല്ലതും മറ്റൊന്ന് മോശമായതും. അങ്ങനെ സംഭവിക്കുമ്പോൾ, ആ വ്യക്തി ചെയ്തതിനെ കുറിച്ച് സാധാരണ ഏതു വ്യാഖ്യാനമാണ് നാം കണക്കിലെടുക്കുന്നത്?

**പരുഷമായ വിധി**

നാം തരംതിരിച്ചു പറഞ്ഞ വിധിക്കലിനോടുള്ള നിഷേധ മനോഭാവത്തിന്റെ ഫലമായി, കരുണയോടും സ്നേഹത്തോടും വിധിക്കേണ്ടിവരുമ്പോൾ, നാം ചിലപ്പോൾ ഉയർന്ന വിമർശനത്തോടും, കൈപ്പോടും, പരുഷഭാവത്തോടെയും ആയിരിക്കും വിധിക്കുക. പത്രൊസ് പറഞ്ഞു, "സകലത്തിന്നും മുമ്പെ, തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ, സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു" (1 പത്രൊസ് 4:8).[11]

മറ്റുള്ളവരോടുള്ള പൊരുത്തപ്പെടൽ കൂടുതലും *മനോഭാവവു*മായി ബന്ധപ്പെട്ടുള്ള കാര്യമാണ്. ഒരുവശത്ത്, ഏറ്റവും നല്ലതു വിശ്വസിച്ച് നമ്മെ സഹായിക്കുവാനും ഉയർത്തുവാനും ശ്രമിക്കുന്ന, സ്നേഹവുംഅനുകമ്പയുമുള്ള മനോഭാവമാണ് ഉള്ളത്. മറ്റൊരുവശത്ത് ഉള്ളത്, പരുഷമായ, അനുകമ്പയില്ലാത്ത, വിധിക്കുന്ന മനോഭാവവും അത് ഒരാൾക്ക് "അവന് യോഗ്യമായത് ലഭിക്കുന്നതു" കാണുന്നതിൽ സന്തോഷിക്കുന്നതുമാണ്.

### യേശു വാഗ്ദാനം ചെയ്തത് (വാ. 1, 2)

ഇതെല്ലാം മനസ്സിൽ വെച്ചുകൊണ്ട്, നമ്മുടെ വേദഭാഗത്തിലെ ശേഷം ഭാഗം വിവരിക്കാം: വാക്യം 1–ന്റെയും 2–ന്റെയും അവസാനഭാഗം.

**കരുണയുടെ ആവശ്യം**

"വിധിക്കരുത്," എന്ന് യേശു പറഞ്ഞശേഷം (വാ. 1), അവൻ പറഞ്ഞു, "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്" (വാ. 1). അവൻ പിന്നെ ആ ചിന്തയെ വാക്യം 2–ൽ വിപുലമാക്കി: "നിങ്ങൾ വിധിക്കുന്ന വിധിയാൽ, നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ, നിങ്ങൾക്കും അളന്നു കിട്ടും."

ഒരു പരിധിവരെ, ഇന്നത്തെ ലോകത്തിലും ആ തത്വം വാസ്തവമാണ്. ജീവിതം ഒരു കണ്ണാടിയാണ്; നാം മറ്റുള്ളവരോടു പെരുമാറുന്നതുപോലെയാണ് നമ്മോടും സാധാരണ പെരുമാറുന്നത്. അതായിരിക്കാം ലൂക്കൊസിന്റെ വിവരണത്തിലെ പ്രസംഗത്തിന്റെ ഈ ഭാഗം ഊന്നൽ നൽകുന്നത്:

> വിധിക്കരുത്, എന്നാൽ നിങ്ങളെയും വിധിക്കയില്ല; ശിക്ഷെക്കു വിധിക്കരുത്, എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല; വിടുവിൻ, എന്നാൽ നിങ്ങളെയും വിടുവിക്കും. കൊടുപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും. അമർത്തി, കുലുക്കി, കവിയുന്നൊരു നല്ല അളവു – നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും[12] (ലൂക്കൊസ് 6:37, 38).

ലൂക്കൊസ് 6:37–ൽ ലിവിങ് ബൈബിൾ വ്യാഖ്യാനിച്ചു വിവരിച്ചിരിക്കുന്നതിൽ ഉള്ളത് "മറ്റുള്ളവരോടു എളുപ്പമായിരിപ്പിൻ; എന്നാൽ അവരും നിങ്ങളോടു അങ്ങനെ ചെയ്യും" എന്നാണ്.

എങ്ങനെയായാലും, സന്ദർഭത്തിൽ, യേശു പ്രത്യേകമായി സൂചിപ്പിച്ചത് *ദൈവത്തിന്റെ* വിധിക്കലിനെയാണ്. പ്രപഞ്ചമാകുന്ന വസ്ത്രത്തിൽ തുന്നിച്ചേർത്തിരിക്കുന്ന തത്വം എന്തെന്നാൽ, ഉടനെയോ പിന്നീടോ, നാം വിതെക്കുന്നതു തന്നെ കൊയ്യും (ഗലാത്യർ 6:7) എന്നാണ്. മൊർദ്ദെഖായിക്ക് വേണ്ടി ഹാമാൻ പണിത കഴുമരത്തിൽ അവനെ തന്നെ തൂക്കി (എസ്ഥേർ 7). സഭാപ്രസംഗി 10:8 പറയുന്നു "കുഴികുഴിച്ചവൻ അതിൽ തന്നെ വീഴും." മത്തായി 7:1, 2 പ്രത്യേകമായി ദൈവത്തിന്റെ *നിത്യ*ന്യായവിധിയെ സൂചിപ്പിക്കുന്നു (7:21–27 നോക്കുക). ഒരു ദിവസം "ദൈവത്തോടു കണക്കു കൊടുക്കേണ്ടതിന്" നാം ഓരോരുത്തരും കർത്താവിന്റെ മുൻപിൽ നിൽക്കേണ്ടതാണ് (റോമർ 14:12). അവസാനം, അതാണ് കാര്യമായെടുക്കേണ്ട ന്യായവിധി.

നിങ്ങൾ വലിയ വെള്ളസിംഹാസനത്തിനു മുൻപിലാണെന്നു കരുതുക (വെളിപ്പാട് 20:11), നിങ്ങൾ വിധിച്ച വിധിയാൽ വിധിക്കപ്പെടേണ്ടതിന്, നിങ്ങൾ മറ്റുള്ളവർക്ക് അളന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടേണ്ടതിനു. നിങ്ങൾ ഈ രീതിയിലാണ് വിധിച്ചതെങ്കിൽ, നിങ്ങൾ വലത്തോട്ടു പോകുമോ ഇടത്തോട്ടു പോകുമോ (മത്തായി 25:31–33)? യാക്കോബിന്റെ പുസ്തകത്തിൽ നിന്നുള്ള നമ്മെ വിറെപ്പിക്കുന്ന ഈ വാക്കുകൾ നോക്കുക: "കരുണ കാണിക്കാത്തവന്നു കരുണയില്ലാത്ത ന്യായവിധിയുണ്ടാകും" (2:13).

**സാമാന്യ ബുദ്ധിക്കുള്ള ആവശ്യം**

മത്തായി 7:1–12 ൽ കാണുന്ന താക്കീതുകളെ സംബന്ധിച്ചു, കുറച്ചു സാമാന്യബുദ്ധി ഉപയോഗിച്ചുനോക്കണം എന്നു പറയുവാനായി, ഞാൻ ഒരു പക്ഷെ അല്പം നിർത്തിയേക്കാം. ദൈവിക വിധിയുടെ ഏക ഘടകം നാം വിധിക്കൽ നടത്തിയോ ഇല്ലയോ എന്നതു മാത്രമായിരിക്കും എന്നല്ല യേശു വാക്യം 1–ലും 2–ലും പറഞ്ഞത്. ഒരാൾ എങ്ങനെ ജീവിക്കുന്നു എന്നതു കണക്കിലെടുക്കാതെ എല്ലാവരും ശരിയായ ജീവിതമാണ് നയിക്കുന്നത് എന്നു നാം ചിന്തിക്കുകയാണെങ്കിൽ, ദൈവവും നമ്മെ ആത്മീയമായി അംഗീകരിച്ചതായി പറയും എന്നല്ല യേശു പഠിപ്പിച്ചത്. നമുക്ക് ഗിരിപ്രഭാഷണം മാത്രമുണ്ടായിരുന്നാലും, 7:1, 2–ന്റെ അത്തരം വ്യാഖ്യാനം സത്യമല്ല എന്നു

നാം തിരിച്ചറിയും: പ്രസംഗത്തിന്റെ അവസാനം, യേശു പറഞ്ഞതു എന്റെ വാക്കുകൾ കേട്ടു ചെയ്യുന്നവൻ (അവയിലൊന്നും ഉപേക്ഷിക്കാതെ) പാറ മേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകും (7:24, 25) എന്നാണ്.

**താഴ്മയ്ക്കായുള്ള ആവശ്യം**

അദ്ധ്യായം 7–ലെ ആദ്യത്തെ രണ്ടു വാക്യങ്ങളിൽ, യേശു ഊന്നൽ നൽകിയി*രുന്നത്* എന്തെന്നാൽ, നമുക്കു തുടർച്ചയായി വിധി നടപ്പാക്കേണ്ടി വന്നാലും – നമ്മെ സംരക്ഷിച്ചു മറ്റുള്ളവരെ സഹായിക്കേണ്ടതിന് – നാം ദൈവമല്ല എന്ന് തിരിച്ചറിയണം. പൗലൊസ് ഇതേ സത്യം ഊന്നി പറഞ്ഞിട്ടുണ്ട്:

> മറ്റൊരുത്തന്റെ ദാസനെ വിധിപ്പാൻ നീ ആർ? അവൻ നിൽക്കുന്നതോ വീഴുന്നതോ സ്വന്ത യജമാനന്നത്രേ ... (റോമർ 14:4).

> ... നിങ്ങളോ മനുഷ്യർ കഴിക്കുന്ന വല്ല വിസ്താരത്തിലോ എന്നെ വിധിക്കുന്നതു എനിക്ക് എത്രയും ലഘുകാര്യം ...; ഞാൻ, എന്നെത്തന്നേ വിധിക്കുന്നതുമില്ല. ... എന്നെ വിധിക്കുന്ന[ത്]കർത്താവു ആകുന്നു. ആകയാൽ കർത്താവു വരുവോളം സമയത്തിന്നു മുമ്പെ ഒന്നും വിധിക്കരുത്, അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്നു ഓരോരുത്തന്നു ദൈവത്തിങ്കൽനിന്നു പുകഴ്ച്ച ഉണ്ടാകും (1 കൊരിന്ത്യർ 4:3–5).

ജോൺ സ്റ്റോട്ട് പറഞ്ഞു, "യേശു പറഞ്ഞത് നാം മനുഷ്യരായി തീരുന്നത് നിർത്തുവാനല്ല (മൃഗങ്ങളിൽ നിന്ന് നമ്മെ വേർതിരിച്ചറിയുവാൻ സഹായിക്കുന്ന നമ്മുടെ നിരൂപണശക്തി തടഞ്ഞുവെച്ചുകൊണ്ട്) എന്നാൽ ദൈവമായി തീരുവാനുള്ള സാഹസികമായ ലക്ഷ്യം ഉപേക്ഷിക്കുവാനാണ് (നമ്മെത്തന്നെ ന്യായാധിപന്മാർ ആക്കിക്കൊണ്ട്)."[13]

നാം ദൈവം അല്ലായ്ക കൊണ്ട്, നമ്മുടെ വിധികൾ സ്വാഭാവികമായും തെറ്റിപോകും. മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധങ്ങളിൽ, അവരും നാമും അവസാനം ദൈവമുൻപാകെ നിൽക്കേണ്ടിവരു മെന്നും – *ദൈവ*മാണ് അന്തിമവിധി നടത്തുന്നതെന്നും നാം ഓർക്കണം. അതുകൊണ്ട് നമുക്ക് കരുണയും, ദയയും, ക്ഷമയും ഉള്ളവരായി മറ്റുള്ളവരോട് ഇടപെടാം!

**ഉപസംഹാരം**

നമുക്ക് മറ്റുള്ളവരുമായി ഒത്തുപോകണമെങ്കിൽ, നാം വിധിക്കുന്നത് നിർത്തണമെന്നാണ് മത്തായി 7:1–12 ൽ നിന്നു യേശു ആദ്യം നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ അടുത്ത പ്രസംഗത്തിൽ, നമ്മുടെ വേദഭാഗത്തുനിന്ന് അഞ്ചു നിർദ്ദേശങ്ങൾ കൂടെ എടുത്തുപറയാം. നാം മറ്റുള്ളവരുമായി ഒത്തുപോകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ...

- നമ്മുടെ സ്വന്തജീവിതത്തിൽ വരുത്തേണ്ട ചില മാറ്റങ്ങൾ ആദ്യം വരുത്തണം (വാ. 3–5).

- നാം താഴ്മയോടും സുബോധത്തോടുംകൂടെ മറ്റുള്ളവരെ സഹാ യിക്കണം (വാ. 5).
- പ്രയാസങ്ങളും വ്യത്യാസങ്ങളും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നാം ശീലിക്കണം (വാ. 6).
- ദൈവത്തിൽ ആശ്രയിക്കുവാൻ നാം തീരുമാനിക്കണം (വാ. 7–11).
- നാം സുവർണ്ണനിയമം അനുസരിച്ചു ജീവിക്കണം (വാ. 12).

ഈ സമയത്ത്, നാം കർത്താവിന്റെ ക്ഷണത്തെ സമർപ്പിക്കുവാൻ ആഗ്ര ഹിക്കുന്നു. രക്ഷ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവർക്കാ ണെന്നു യേശു പറഞ്ഞു (മർക്കൊസ് 16:16). മരണപര്യന്തം വിശ്വസ്തരായി രിക്കുന്നവർക്കാണ് ജീവകിരീടം ലഭിക്കുക എന്ന് അവൻ പറഞ്ഞു (വെളിപ്പാട് 2:10). അവന്റെ ദൈവശ്വാസീയ അപ്പൊസ്തലൻ മുഖാന്തരം, പാപം ചെയ്തു പോയ ക്രിസ്ത്യാനികൾ ക്ഷമിക്കപ്പെടേണ്ടതിന് മാനസാന്തരപ്പെട്ടു പ്രാർത്ഥി ക്കുവാൻ അവൻ പറഞ്ഞു (പ്രവൃത്തികൾ 8:22). ഇവയെല്ലാം ഡേവിഡ് റോപ്പറിന്റെ "വിധികൾ" അല്ല; ദൈവവചനത്തിലെ വ്യക്തമായ ഉപദേശമാ ണത്. ഈ സത്യങ്ങളെ നിങ്ങൾ സ്വീകരിക്കുന്നതു – അല്ലെങ്കിൽ ത്യജി ക്കുന്നത് – അനുസരിച്ചിരിക്കും നിങ്ങൾ നിത്യത എവിടെ ചിലവഴിക്കും എന്നത് (മത്തായി 7:21–27). നിങ്ങൾ ക്രിസ്ത്യാനിയായി തീരുവാൻ അല്ലെ ങ്കിൽ വിശ്വസ്തമായ ക്രിസ്തീയജീവിതത്തിലേക്ക് യഥാസ്ഥാനപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, *ഇപ്പോൾ* തന്നെ അങ്ങനെ ചെയ്യുക.[14]

---

കുറിപ്പുകൾ

[1]ഈ പ്രസംഗവും അടുത്തതും വളരെ വർഷങ്ങൾക്കു മുൻപു തയ്യാറാക്കിയതാ ണ്. ഇപ്പോൾ ചെയ്യുന്നതുപോലെ എന്റെ ഉറവിടങ്ങളെ ശ്രദ്ധയോടെ ഞാൻ അന്ന് സൂക്ഷി ച്ചിരുന്നില്ല. എവിടെ ബഹുമതി കൊടുക്കണമോ അവിടെ ഞാൻ കൊടുക്കുവാൻ ശ്രമി ച്ചിട്ടുണ്ട്. അങ്ങനെ ചെയ്യുവാൻ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ ഞാൻ ക്ഷമ ചോദിക്കുന്നു. [2]ഈ വാക്കുകൾ കെജെവിയിൽ നിന്നുള്ളതാണ്. അത് ഇവിടെ ഉപയോഗിക്കുവാൻ കാരണം അധികം ആളുകൾക്കും ആ പ്രയോഗം പരിചയമുള്ളതുകൊണ്ടാണ് – അതു ഈ പ്രസംഗം തുടരുമ്പോൾ നമുക്കു കാണാനും സാധിക്കും. [3]ചാൾസ് ബി. വില്യംസ്, *ദ ന്യൂ ടെസ്റ്റമെന്റ്: എ ട്രാൻസ്ലേഷൻ ഇൻ ദ ലാൻഗ്വേജ് ഓഫ് ദ പീപ്പിൾ* (ഷിക്കാഗോ: മൂഡി പ്രെസ്, 1949), 23. [4]ഗിരിപ്രഭാഷണത്തെ കുറിച്ചുള്ള ലൂക്കൊസിന്റെ വിവരണത്തിൽ കുരുടന്മാരെ വഴികാട്ടുന്ന കുരുടന്മാരെ സൂചിപ്പുക്കുന്ന വാക്യവുമുണ്ട് (ലൂക്കൊസ് 6:39, 40), ആ വാക്യങ്ങൾ സ്പഷ്ടമായും ശാസ്ത്രിമാരെയും പരീശന്മാരെയും കുറിച്ചുള്ള താണ് (മത്തായി 15:12–14 നോക്കുക). [5]ഇത് അമേരിക്കയിൽ വാസ്തവമാണ്. ആവശ്യമെ ങ്കിൽ, നിങ്ങൾ താമസിക്കുന്ന പ്രദേശത്തിന് അനുയോജ്യമായ വിധത്തിൽ പ്രസ്താവ നയെ മാറ്റുക. [6]ഒരാൾ തെറ്റുചെയ്യുന്നു എന്ന് പറഞ്ഞതുകൊണ്ടുമാത്രം ഒരു വ്യക്തി തെറ്റു ചെയ്തതായി പറയുന്നവർ സ്വയം–ശിക്ഷിക്കപ്പെടുകയാണ്. അതിനെ കുറിച്ചു ചിന്തി ക്കുക. [7]തീർച്ചയായും, മൃഗങ്ങളിൽ നിന്ന് മനുഷ്യരെ തിരിച്ചറിയിക്കുന്ന പ്രധാന സ്വഭാവം എന്തെന്നാൽ നാം ഓരോരുത്തരും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട് ഒരു അനശ്വര ആത്മാവും ഉള്ളവരാണ് എന്നതത്രെ. [8]ആ മനോഭാവത്തെ ചിലപ്പോൾ "ഒരു അപകർഷതാബോധം" എന്നു വിളിച്ചിട്ടുണ്ട്. [9]നിങ്ങളുടെ ശ്രോതാക്കൾക്ക് മനസ്സിലാകുന്ന

വിധത്തിലുള്ള ചില വിധി പ്രയോഗങ്ങളും ചിത്രീകരണങ്ങളും ഉദ്ധരിക്കുക. [10]ജെയിംസ് മൊഫാറ്റ്, *ദ ബൈബിൾ: എ ന്യൂ ട്രാൻസ്‌ലേഷൻ* (ന്യൂയോർക്ക്: ഹാർപർ ആന്റ് ബ്രദേഴ്സ്, 1954), 217.

[11]7:3–5 നെ സംബന്ധിച്ചു വിവരിച്ച ഈ അഞ്ചു നിർദേശങ്ങൾക്കു പുറമെ മറ്റൊരു നിർദ്ദേശം അടുത്ത പ്രസംഗത്തിൽ നൽകുന്നതാണ്. നിങ്ങൾക്കുവേണമെങ്കിൽ ഈ പ്രസംഗത്തിൽ അത് പ്രാവർത്തികമാക്കാം. [12]നൽകുന്നതിന്റെ അനുഗ്രഹത്തെ കുറിച്ചുള്ള മഹത്തായ വേദഭാഗമാണ് ലൂക്കൊസ് 6:38. പൊതുവായി നൽകുന്നതിനെ കുറിച്ചുള്ള പ്രയോഗം നടത്താം, എന്നാൽ ഈ സന്ദർഭത്തിൽ അതു പ്രത്യേകമായി സൂചിപ്പിക്കുന്നത് കരുണ "കാണിക്കുന്നവന്" കരുണ "ലഭിക്കും" എന്ന വസ്തുതയെയാണ്. [13]ജോൺ ആർ. ഡബ്ളിയു. സ്റ്റോട്ട്, *ദ മെസേജ് ഓഫ് ദ സെർമൺ ഓൺ ദ മൗണ്ട്* (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റെർ–വാഴ്സിറ്റി പ്രെസ്, 1978),177. [14]ക്ഷണിക്കുന്നത് നിങ്ങൾ ഈ പ്രസംഗത്തിന്റെ അവസാനം അവതരിപ്പിക്കുമ്പോൾ, വിധിക്കുന്ന മനോഭാവം ഉണ്ടെന്ന് ബോധ്യമുള്ള ആരെങ്കിലും ഒരാളോടൊപ്പം എഴുന്നേറ്റ് പ്രാർത്ഥിക്കുവാൻ നിങ്ങൾക്കു വേണമെങ്കിൽ പറയാം.